## പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

### പാലക്കാട് കോങ്ങാട് മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ ഫണ്ട് വിനിയോഗം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4678

05.02.2014 ൽ മറുപടിക്ക്

ചോദ്യം. ഉത്തരം.

| ശ്രീ. കെ. വി. വിജയദാസ് | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | പാലക്കാട് ജില്ലയിലെ കോങ്ങാട് അസംബ്ലി നിയോജകമണ്ഡലത്തിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര റോഡുകൾക്ക് പി.എം.ജി.എസ്.വൈ പ്രകാരം അനുമതി നൽകിയിട്ടുണ്ട്; ഇതിലേയ്ക്കായി എത്ര തുക വിനിയോഗിച്ചു; ബ്ലോക്കു തിരിച്ചുള്ള വിശദവിവരം നൽകുമോ; | (എ) | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിക്ക് അധികമായി തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുമോ; | (ബി) | പദ്ധതികളൊന്നും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ തുകയൊന്നും വിനിയോഗിച്ചിട്ടില്ല |
| (സി) | പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം അധികമായി ചെലവഴിച്ച തുക ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ? | (സി) | അധികമായ തുക ചെലവഴിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം.

പി.എം.ജി.എസ്.വൈ പ്രകാരം പാലക്കാട് ജില്ലയിലെ കോങ്ങാട് അസംബ്ലി നിയോജക മണ്ഡലത്തിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം മണ്ണാർക്കാട്, ശ്രീകൃഷ്ണപുരം എന്നീ ബ്ലോക്കുകളിലായി രണ്ട് റോഡുകൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്. ടി റോഡുകൾ ടെണ്ടർ ചെയ്തതിൽ മണ്ണാർക്കാട് ബ്ലോക്കിലെ പ്രവൃത്തിക്ക് രണ്ട് തവണയും ലഭിച്ച ടെണ്ടർ സർക്കാർ അനുവദിച്ച നിരക്കിനെക്കാൾ കൂടുതലായതിനാൽ പരിഗണിച്ചിട്ടില്ല. ശ്രീകൃഷ്ണപുരം ബ്ലോക്കിലെ പ്രവൃത്തിക്ക് കരാറുകാർ ആരും ടെണ്ടർ സമർപ്പിച്ചിട്ടില്ല. ടി റോഡുകൾ കരാർ ഉറപ്പിക്കാത്തതിനാൽ തുകയൊന്നും വിനിയോഗിച്ചിട്ടില്ല.. ബ്ലോക്ക് തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബ്ലോക്ക് | പാക്കേജ് നമ്പർ | റോഡിന്റെ പേര് | നീളം (കി.മീ) | അനുവദിച്ച തുക ( ലക്ഷത്തിൽ) |
|---|---|---|---|---|
| മണ്ണാർക്കാട് | KR 10-28 | പാലക്കയം തരുപ്പതി | 6.15 | 481.49 |
| ശ്രീകൃഷ്ണപുരം | KR 10-41 | പോത്ര കടപ്പാടം | 3.75 | 248.80 |